7. ഫിഷറീസ് സർവ്വേ ഓഫ് ഇന്ത്യ (എഫ്.എസ്.ഐ.) കൊച്ചി.

8. സെൻട്രൽ ഇൻലാന്റ് ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.ഐ.എഫ്.ആർ.ഐ.) ആലപ്പുഴ.

(ബി) ഇതുസംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) സിഫ്റ്റ് 2.13 കോടി രൂപയും എം.പി.ഇ.ഡി.എ. 67.24 ലക്ഷം രൂപയും സി.ഐ.എഫ്.ആർ.ഐ. 12.5 ലക്ഷം രൂപയും ഈ സാമ്പത്തിക വർഷം സംസ്ഥാനത്ത് ചെലവാക്കിയിട്ടുണ്ട്.

മത്സ്യഫെഡിലെ അനധികൃത പ്രൊമോഷൻ

77 (4685) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിലെ അനധികൃത പ്രൊമോഷനുകളെ സംബന്ധിച്ച് രജിസ്ട്രാർ നടത്തിയ അന്വേഷണത്തിൽ എത്ര ജീവനക്കാർ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ബി) ഇവർ ആരൊക്കെയാണെന്നും ഇവർ ഇപ്പോൾ ഏതൊക്കെ തസ്തികകളിൽ ജോലി ചെയ്തുവരുന്നുവെന്നും വെളിപ്പെടുത്താമോ ;

(സി) കുറ്റക്കാരായ ജീവനക്കാരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇതിനു കാലതാമസം വരുന്നതിന് കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ നടത്തിയ അന്വേഷണത്തിൽ അനധികൃതമായി പ്രൊമോഷൻ നല്കിയതായി ചൂണ്ടി കാണിച്ചിരിക്കുന്നത് ഇപ്പോൾ ഡെപ്യൂട്ടി ജനറൽ മാനേജർ തസ്തികയിൽ ജോലി നോക്കുന്ന ഡോക്ടർ കെ. ശോഭേർകുമാറിനാണ്.

(സി&ഡി) രജിസ്ട്രാർ ആവശ്യപ്പെട്ട പ്രകാരം മത്സ്യഫെഡിൽ അനധികൃതമായി നടന്ന നിയമനങ്ങളെപ്പറ്റിയും പ്രൊമോഷനുകളെപ്പറ്റിയും നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി മത്സ്യഫെഡ് എം.ഡി. ബന്ധപ്പെട്ട ജീവനക്കാരിൽനിന്ന് വിശദീകരണം ചോദിച്ചിരിക്കയാണ്. കൂടാതെ ഈ ക്രമക്കേടുകളെപ്പറ്റി സമയ ബന്ധിതമായി അന്വേഷണം നടത്തി ശുപാർശകൾ സമർപ്പിക്കുന്നതിനായി വിദഗ്ദ്ധരടങ്ങുന്ന ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly